<u>പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല):</u> പ്രതിപക്ഷത്തിന്റെ ഒരു അവകാശമാണ് റൂൾ 50 എന്നുള്ളത്. ഞങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയാൽ സഭയുടെ നാഥൻ, സഭയുടെ സ്പീക്കർ എന്ന നിലയിൽ റൂൾ ചെയ്ത് അങ്ങേയ്ക്കത് ഡിസ്പോസ് ചെയ്യാൻ കഴിയുന്നതാണ്. റൂൾ 50 പ്രകാരം നോട്ടീസ് നൽകിയതിന് അങ്ങ് ഞങ്ങളെ അവഹേളിച്ചത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ഞാൻ അതിന്റെ സാഹചര്യം വളരെ കൃത്യമായി അങ്ങയോട് പറഞ്ഞു.

<u>ശ്രീ. രമേശ് ചെന്നിത്തല :</u> അങ്ങേയ്ക്ക് അത് ഡിസ്പോസ് ചെയ്യാം. ഞാൻ അങ്ങയുടെ അധികാരത്തെ എതിർക്കുന്നില്ല. നോട്ടീസ് നൽകാനുള്ള അധികാരം ഞങ്ങൾക്കുണ്ടല്ലോ. ഏതായാലും ഈ ഗവൺമെന്റ് വിചാരിച്ചാലും പൊതുസമൂഹത്തിനുമുമ്പിൽനിന്ന് ശ്രീ. തോമസ് ചാണ്ടിയെ രക്ഷിക്കാൻ കഴിയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നീതി എല്ലാവർക്കും ഒരുപോലെയാണെന്നാണ്. ഇന്നലെ കോടതി പറഞ്ഞത് 'നീതി പാവപ്പെട്ടവർക്ക് ഒന്ന്, തോമസ് ചാണ്ടിക്ക് വേറൊന്ന്' എന്നാണ്.

<u>മി. സ്പീക്കർ:</u> അങ്ങ് എഴുതി നൽകിയ ക്രമപ്രശ്നം ഉന്നയിക്കുന്നുണ്ടെങ്കിൽ ഉന്നയിക്കാവുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> ഏതായാലും ശ്രീ. തോമസ് ചാണ്ടി വിഷയം ഞങ്ങൾ എടുത്തുകൊള്ളാം. അങ്ങുകൂടി ചേർന്ന് അദ്ദേഹത്തെ സംരക്ഷിച്ചത് ശരിയായില്ല. ..........(ബഹളം)........ ഞങ്ങൾ അത് ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചോളാം. ശ്രീ. ഇ.പി.

ജയരാജന് ലഭിക്കാത്ത നീതി ശ്രീ. തോമസ് ചാണ്ടിക്ക് നൽകുന്നതിനെപ്പറ്റി ജനങ്ങൾ മനസ്സിലാക്കട്ടെ.

മി. സ്പീക്കർ: അങ്ങ് ക്രമപ്രശ്നം ഉന്നയിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: റൂൾ 303 അനുസരിച്ച് ഒരു ക്രമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്റ്റിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷൻ റിപ്പോർട്ട് അതിന്മേൽ സർക്കാർ സ്വീകരിച്ച ആക്ഷൻ ടേക്കൺ ഉൾപ്പെടെ സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. സെക്ഷൻ 3(4) പറയുന്നത്, The appropriate Government shall cause to be laid before each House of the Parliament or, as the case may be, the Legislature of the State the report, if any, of the Commission on the inquiry made by the Commission under sub-section (1) together with a Memorandum of the action taken thereon, within a period of six months of the submission of the report by the Commission to the appropriate Government എന്നാണ്. 1957 മുതൽ പരിശോധിച്ചാൽ കേരള നിയമസഭയിൽ 135 കമ്മീഷൻ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അതിൽ 128 എണ്ണത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും വന്നിട്ടുണ്ട്. 6 റിപ്പോർട്ടുകളിലാണ് ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് വരാതിരുന്നിട്ടുള്ളത്. 30-03-1959-ൽ ആന്ധ്രാ അരി കുംഭകോണ കേസ് ജസ്റ്റിസ് രാമൻ നായർ കമ്മീഷൻ റിപ്പോർട്ട് മുതൽ ചെറിയതുറ വെടിവയ്പ്പ് സംബന്ധിച്ച രാമകൃഷ്ണൻ റിപ്പോർട്ടുവരെ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടിയാണ് സഭയിൽ വച്ചത്. സോളാർ

തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട ജസ്റ്റിസ് ശിവരാജൻ കമ്മിഷൻ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുമുമ്പ് കമ്മീഷന്റെ നിഗമനങ്ങളും നിയമോപദേശങ്ങളും ബഹുമാന്യനായ മുഖ്യമന്ത്രി 2017 ഒക്ടോബർ 11-ാം തീയതി ഒരു പത്രസമ്മേളനം നടത്തി വിശദീകരിക്കുകയുണ്ടായി. കേരള ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിയും ചെയ്യാത്ത നടപടിയാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ചെയ്തത്. ഇത് ചട്ടലംഘനമാണ്. സാധാരാണഗതിയിൽ മുഖ്യമന്ത്രി ക്യാബിനറ്റ് യോഗം കഴിഞ്ഞാൽ പത്രക്കാരെ കാണാറില്ല. അന്നത്തെ മന്ത്രിസഭായോഗത്തിന്റെ മിനിട്ട്സ് വെബ്സൈറ്റിൽ വന്നത് എന്റെ കയ്യിലുണ്ട്. അതിനകത്ത് ഇത് പരാമർശിക്കുന്നില്ല. ക്യാബിനറ്റ് തീരുമാനങ്ങൾ വിശദീകരിക്കാനാണ് എന്ന് മുഖ്യമന്ത്രി....

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറിൽ രാഷ്ട്രീയ പ്രസംഗം പാടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഞാനൊന്ന് പറഞ്ഞോട്ടെ. ഞാൻ എന്റെ പോയിന്റിലേയ്ക്ക് വരികയാണ്.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറിൽ ക്രമം ലംഘിച്ചിട്ടുണ്ടോ എന്ന് പറയാനുള്ള അവസരമാണുള്ളത്. അല്ലാതെ രാഷ്ട്രീയ പ്രസംഗം നടത്തേണ്ട അവസരമല്ല. അങ്ങേയ്ക്ക് എല്ലാം അറിയാവുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ റിപ്പോർട്ട് വയ്ക്കുന്നതിനുമുമ്പ് പത്രസമ്മേളനം നടത്തി ഇക്കാര്യങ്ങൾ പറയുകയുണ്ടായി. സാധാരാണഗതിയിൽ പത്രക്കാരെ കാണാൻ മടിക്കുന്ന മുഖ്യമന്ത്രി അന്ന് വളരെ

ആധികാരികമായി ഇത്രയും കാര്യങ്ങൾ പറഞ്ഞു. ഇത് സഭയോടുള്ള അവഹേളനമല്ലേ; വിവരാവകാശ നിയമപ്രകാരം ഞങ്ങൾ റിപ്പോർട്ടാവശ്യപ്പെട്ടു, വിവരാവകാശ നിയമത്തിലെ 22-ാം വകുപ്പുപ്രകാരം നിലനിൽക്കുന്ന എല്ലാ നിയമങ്ങളും അനുസരിച്ച് ഈ റിപ്പോർട്ട് വിവരാവകാശംവഴി കൊടുക്കാവുന്നതാണ്. ഇവിടെ ഒരുകാര്യം എനിക്ക് പറയാനുണ്ട്. ഈ നിയമസഭയെ ഒരു നോക്കുകുത്തിയാക്കാൻ ഞങ്ങളനുവദിക്കില്ല. ഇവിടെ ഒരു കമ്മീഷൻ റിപ്പോർട്ട് അവതരിപ്പിച്ച് അതിന്റെ പേരിൽ നടപടിയെടുത്ത് യു.ഡി.എഫ്.-നെയും പ്രതിപക്ഷത്തേയും നിശബ്ദരാക്കാമെന്ന് മുഖ്യമന്ത്രി കരുതേണ്ട. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനെ നേരിടാനുള്ള ശക്തിയുണ്ട്. ഗവൺമെന്റ് ഓരോ ഘട്ടത്തിലും പുറകോട്ടുപോകുന്നു. ആദ്യം ഡി.ജി.പി.-യുടെ നിയമോപദേശം, പിന്നീട് എ.ജി.-യുടെ നിയമോപദേശം, അതിന്മേൽ കേസ്സെടുക്കുമെന്ന് പറയുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലെ 50 വർഷം ഈ നിയമസഭയിൽ അംഗമായിരിക്കുന്ന, രണ്ടുതവണ മുഖ്യമന്ത്രിയായിരുന്ന, രണ്ടുതവണ പ്രതിപക്ഷ നേതാവായിരുന്ന...

മി. സ്പീക്കർ: ദയവായി റിപ്പോർട്ടിന്റെ മെരിറ്റിലേയ്ക്ക് പോകരുത്. റിപ്പോർട്ടിന്റെ ചർച്ചയല്ല ഇവിടെ നടക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: ഉമ്മൻ ചാണ്ടിയെപ്പോലെ ഒരു നേതാവിനെതിരെ ലൈംഗീക ആരോപണത്തിൽ കേസ്സെടുക്കുമെന്ന് പറയുന്ന ഈ മുഖ്യമന്ത്രിയെ നമുക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും. ...(ബഹളം)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്. ഇത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: ഇത് നിയമപരമായി ഞങ്ങൾ നേരിടും. ഞങ്ങളെ ഓലപ്പാമ്പ് കാട്ടി പേടിപ്പിക്കാമെന്ന് ശ്രീ. പിണറായി വിജയനും സർക്കാരും കരുതണ്ട എന്നാണ് എനിക്ക് പറയാനുള്ളത്. ഇത് സഭാ ചട്ടങ്ങളുടെ ലംഘനമാണ്. റൂളിംഗ് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് ചട്ടം 303 പ്രകാരം ഇതേ വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഒരേ വിഷയമായതുകൊണ്ട് അങ്ങേയ്ക്ക് ഒറ്റ വാചകത്തിൽ പറയാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 11-10-2017-ൽ കമ്മീഷൻ നിഗമനങ്ങൾ മുഖ്യമന്ത്രി ഒരു കുറിപ്പായി പ്രസ് കോൺഫറൻസിൽ കൊടുക്കുകയുണ്ടായി. ഇന്ന് ഈ റിപ്പോർട്ട് മേശപ്പുറത്തുവച്ചു. അതുകൊണ്ട് സഭയുടെ പ്രിവിലേജിന്റെ പ്രശ്നം അവസാനിക്കുന്നില്ല. Already he has committed the breach of privilege. അങ്ങ് പരിശോധിക്കണം. പത്രസമ്മേളനത്തിലെ കുറിപ്പനുസരിച്ച് privilege breach ഉണ്ടായതുകൊണ്ട് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: ഇത് സാധാരണ നടപടിക്രമമനുസരിച്ച് സർക്കാരിന്റെയും മുഖ്യമന്ത്രിയെന്ന നിലയിൽ എന്റേയും ചുമതലയായി വന്ന ഒരു കാര്യമാണ്. മറ്റൊരു കാര്യമാണ് സംഭവിച്ചതെന്ന് വിചാരിക്കുക, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങളല്ല വിജയിച്ചത് യു.ഡി.എഫ്. ആണെന്ന് സങ്കൽപ്പിക്കുക. അങ്ങനെയാണെങ്കിൽ അവരുടെ കുഞ്ഞാണല്ലോ ഇത്. അതുമായി ബന്ധപ്പെട്ട റിപ്പോർട്ട്

വയ്ക്കാൻ ആ ഘട്ടത്തിൽ ആരാണോ മുഖ്യമന്ത്രിയായി വരുന്നത്, അദ്ദേഹം നിർബന്ധിതനാകുമല്ലോ, അതാണ് ഞങ്ങൾ ചെയ്തത്. ഞങ്ങൾ ഇതിനകത്ത് വേറൊന്നും ചെയ്തിട്ടില്ല. അവർ നിശ്ചയിച്ച കമ്മീഷൻ നൽകിയ റിപ്പോർട്ട് സഭയുടെ മുമ്പാകെ വയ്ക്കുന്നു. ആ റിപ്പോർട്ടിൽ പല പേരുകളും പരാമർശിച്ചിട്ടുണ്ട്. ഒരു പേരും ഞാൻ ഇവിടെ നൽകിയ പ്രസ്താവനയിൽ പരാമർശിച്ചിട്ടില്ല. പക്ഷെ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഒരു പേര് പറയുന്നതായി കേട്ടു. ഞാനിപ്പോഴും ആ പേര് പറയുന്നില്ല. ...(ബഹളം).. ഞാൻ പേര് പറയാതിരിക്കാനുള്ള മര്യാദ കാണിച്ചു. ബാക്കി കാര്യങ്ങൾ തുടർ അന്വേഷണത്തിന്റെ ഭാഗമായി വരേണ്ടതാണ്. മന്ത്രിസഭാ തീരുമാനം വരുന്നതോടെ പൊതുസ്വത്തായി മാറി. അതിന്റെ ഭാഗമായി ആ കാര്യം പത്രസമ്മേളനത്തിൽ പറഞ്ഞുവെന്നത് ശരിയാണ്. പക്ഷെ, റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒരുകാര്യവും ഇതുവരെ പുറത്ത് വന്നിട്ടില്ല എന്നുള്ളത് ഈ റിപ്പോർട്ട് വിശദമായി വായിക്കുമ്പോൾ എല്ലാവർക്കും മനസ്സിലാകും. .....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്......ഇനി ചർച്ചയില്ല. നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്; ബഹളം വച്ചിട്ടാണോ മൈക്ക് ലഭിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിലൂടെ ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ള മുഴുവൻ നേതാക്കന്മാരുടെയും പേരുകൾ പരാമർശിച്ചിരുന്നു. രാഷ്ട്രീയമായി പ്രതികാരം

തീർക്കാനാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ അതിശക്തമായി ഞങ്ങൾ തിരിച്ചടിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ...(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.... ഇരിക്കു.

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്താവനയിലെ പേജ് 9-ലെ 3-ാം ഖണ്ഡികയിൽ "ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി. തലവനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്" എന്ന വാചകത്തിനുശേഷമുള്ള "അന്വേഷണ സംഘം താഴെപ്പറയുന്ന പ്രകാരമായിരിക്കും" എന്ന വാചകം ഒഴിവാക്കേണ്ടതാണ്.

മി. സ്പീക്കർ: 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം .....(ബഹളം).... പ്ലീസ്... ഇതൊരു ക്രമപ്രശ്നമാണ്; പൊളിറ്റിക്കൽ ഡിസ്കഷനല്ല ഇവിടെ നടക്കുന്നത്. നിങ്ങൾ കുറച്ചുപേർ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല; ആരെ ബോദ്ധ്യപ്പെടുത്താണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്? പ്ലീസ്..... പ്രതിപക്ഷ നേതാവാണ് ഇത്രയുംനേരം സംസാരിച്ചത്. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ മാത്രമാണ് ആവശ്യപ്പെട്ടത്. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ ഒരു വാചകം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അതുകൊണ്ടാണ്, ആദ്യം മുതൽ

അവധാനത ഇല്ലതെയാണ് ഈ റിപ്പോർട്ട് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് ഞാൻ പറഞ്ഞത്. ഈ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽ ഒരുകാര്യം ഗൗരവമായി കൊണ്ടുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ച ശേഷം എന്തിനാണ് രണ്ടാമത് ഹോം ഡിപ്പാർട്ടുമെന്റിലെ ഒരുദ്യോഗസ്ഥനെ ജസ്റ്റിസ് ജി. ശിവരാജന്റെ അടുത്തേയ്ക്ക് അയച്ചത്? .....(ബഹളം)....

മി. സ്പീക്കർ: ഇതൊന്നും ഒരു ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. പ്ലീസ്........(ബഹളം).... ഡിബേറ്റ് അനുവദിക്കാൻ കഴിയില്ല. സഭ നടത്തിക്കൊണ്ടുപോകാൻ ചില ചട്ടങ്ങളും കീഴ്വഴക്കങ്ങളുമുണ്ട്. .....(ബഹളം).... എപ്പോഴും എഴുന്നേറ്റ് നിന്ന് സംസാരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുതിത്തന്നത് ഒരു പോയിന്റ് ഓഫ് ഓർഡറാണ്. മറ്റുള്ളവർ ബഹളമുണ്ടാക്കേണ്ട കാര്യമില്ല. ആ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവസരവും അദ്ദേഹത്തിന് കൊടുത്തു. ക്രമം തെറ്റിച്ചിട്ടുണ്ടോയെന്ന് പറയാനുള്ള സമയമാണിത്. .....(ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രതിപക്ഷ നേതാവിന് ഒരു പ്രിവിലേജില്ലേ?

മി. സ്പീക്കർ: ആ പ്രിവിലേജനുസരിച്ച് ക്രമപ്രശ്നത്തിനിടയിൽ രാഷ്ട്രീയമായ

ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉന്നയിക്കാൻ പറ്റില്ല. .....(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പറയാനുള്ള കാര്യങ്ങളെല്ലാം അദ്ദേഹം ദീർഘമായി സംസാരിച്ചു. .....(ബഹളം).... ശ്രീ. അൻവർ സാദത്ത്, ദയവായി ഇരിക്കു. പ്രതിപക്ഷ നേതാവിന് ഇനിയെന്താണ് പറയാനുള്ളത്. താങ്കളിപ്പോൾ രാഷ്ട്രീയമായി പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. .....(ബഹളം).... ഈ പ്രശ്നത്തിലുള്ള പോയിന്റ് ഓഫ് ഓർഡർ അങ്ങ് പറഞ്ഞുകഴിഞ്ഞു. പ്ലീസ്.... ചെയറിന് റൂൾ ചെയ്യാനുള്ള അവസരം തരൂ; അല്ലെങ്കിൽ കൺക്ലൂഡ് ചെയ്യൂ. മറ്റുള്ളവർ ബഹളമുണ്ടാക്കേണ്ട കാര്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി റിപ്പോർട്ടിലെ ഒരു വാചകം ഒഴിവാക്കണമെന്ന് പറയുകയുണ്ടായി. എന്റെ പോയിന്റ്, മുഖ്യമന്ത്രി ആദ്യം മുതൽ ഈ റിപ്പോർട്ട് കൈകാര്യം ചെയ്തത് അവധാനതയില്ലാതെയാണ് എന്നുള്ളതാണ്. .....(ബഹളം).... കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചശേഷം ഹോം ഡിപ്പാർട്ടുമെന്റിലെ ഒരുദ്യോഗസ്ഥൻ ജസ്റ്റിസ് ജി. ശിവരാജന്റെ വീട്ടിൽ പോയതും റിപ്പോർട്ടിൽ തിരുത്തൽ വരുത്തിയതും എന്തിനാണെന്ന് അറിയേണ്ട ആവശ്യമുണ്ട്. അവധാനതയില്ലാതെ റിപ്പോർട്ട് സമർപ്പിച്ചതിന്റെ പരിണിതഫലമാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. എ.ജി.-യുടെ റിപ്പോർട്ട്, എ.ജി.-യുടെ നിയമോപദേശം,

ഡി.ജി.പി.-യുടെ...........(മൈക്ക് ഓഫ്).....

മി. സ്പീക്കർ: പ്ലീസ്.... ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷന്റെ ഇന്റഗ്രിറ്റിയെ ചോദ്യം ചെയ്യുന്ന നിലയിലാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സംസാരിക്കുന്നത്. ജസ്റ്റിസ് ജി. ശിവരാജനെ കഴിഞ്ഞ മന്ത്രിസഭ തീരുമാനിച്ചത്, അദ്ദേഹം നിഷ്പക്ഷനായി അന്വേഷണം നടത്താൻ പറ്റിയ ആളാണെന്ന ധാരണയിൽ തന്നെയാണ്. അന്വേഷണത്തിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് അദ്ദേഹം നൽകിയിട്ടുള്ളത്. അതിനുശേഷം, വേറെ ആളെ അയച്ച് ഞങ്ങൾ എന്തുകാര്യമാണ് സമ്പാദിക്കേണ്ടത്? തീർത്തും തെറ്റിദ്ധാരണകൾ പരത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ........(മൈക്ക് ഓഫ്)...........

മി. സ്പീക്കർ: ചട്ടം 300 പ്രകാരം ഇനി ഡിബേറ്റ് ചെയ്യാൻ പറ്റില്ല...... (ബഹളം).... ചെയർ റൂൾ ചെയ്യാൻ പോവുകയാണ്; ദയവായി സഹകരിക്കണം. നമുക്ക് ഈ വിഷയം വിശദമായി സഭയിൽത്തന്നെ ചർച്ച ചെയ്യാനുള്ള അവസരമൊരുക്കാം. ഇന്ന് അതിനുള്ള അവസരമില്ല. പ്ലീസ്..... പോയിന്റ് ഓഫ്

ഓർഡറിന് മുകളിൽ ഡിബേറ്റ് ചെയ്ത് നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. പ്ലീസ്.... ഇരിക്കൂ.... ദയവായി പ്രതിപക്ഷ നേതാവ് ക്ഷമിക്കണം. ഒരു ക്രമപ്രശ്നത്തിന് ഞാൻ അങ്ങേയ്ക്ക് ഏഴുതവണ മൈക്ക് നൽകി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ ചാർജ്ജ് ചെയ്യുകയാണ് ചെയ്തത്. ഞങ്ങൾ ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് കണ്ടിട്ടില്ല. കണ്ടതിനുശേഷം അദ്ദേഹത്തിന്റെ ഇന്റഗ്രിറ്റിയെക്കുറിച്ച് പറയുമെന്നുള്ളത് വേറെ കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ സെക്രട്ടറിയായ ശ്രീ. എം. വി. ജയരാജന്റെയും ഫോൺ സംഭാഷണം പരിശോധിക്കാൻ തയ്യാറുണ്ടോയെന്ന് ഞാൻ ആധികാരികമായി ഉന്നയിക്കുകയാണ്.

.....(ബഹളം)....